SUNDAY 03.03.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/03/2024

1. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച് ബാംഗ്ളൂരുവും സംയുക്തമായി മാർച്ച് 5 മുതൽ 7 വരെ നാഷണൽ ഹോർട്ടികൾച്ചറൽ ഫെയർ 2024 സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9403891704 എന്ന ഫോൺ നമ്പരിലോ nhf2024.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

3. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യുഡോമോണാസ് ഫ്ലൂറസൻസ് (പൊടി ലായനി), ട്രൈക്കോഡർമ, ബ്യുവേറിയ, ലക്കാനിസിയം, പെസിലോമൈസസ്, ബയോകൺട്രോൾ കോംബി പാക്ക് (പച്ചക്കറി),

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോംബി പാക്ക്, നീം സോപ്പ്, അസോള, വെർമി കമ്പോസ്റ്റ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9747238532, 0487 2699087എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (CeL), കാർഷിക രംഗത്ത് കൃഷിയുടെ മഹത്വത്തെ അടിയാളപ്പെടുത്തുന്ന ഒരു ഹ്രസ്വ ചിത്രത്തിനുള്ള തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. ദൃശ്യ-മാധ്യമ ലോകത്ത് കഴിവ് പ്രകടിപ്പിക്കുവാനുള്ള ആവേശകരമായ ഒരു അവസരമാണ്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്ന തരത്തിലുള്ള ഒരു തിരക്കഥയാണ് ലക്ഷ്യമിടുന്നത്. പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. തിരക്കഥകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി 18.03.2024. കൂടുതൽ വിവരങ്ങൾക്ക് 8547837256, 0487 2438567 എന്നീ ഫോൺ നമ്പരുകളിലോ kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

6. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ക്ഷീരകർഷകർക്കായി മാർച്ച് 6, 7 എന്നീ തീയതികളിൽ സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 8113893153 / 9633668644 ലേക്ക് whatsapp ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

7. കോട്ടയത്ത് റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) മോളിക്യുലാർ ബയോളജി ആന്റ് ബയോടെക്നോളജി ടെക്നിക്സ് എന്ന വിഷയത്തിൽ 2024 ഏപ്രിൽ മാസം മുതൽ 3 മാസത്തെ കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിലേക്കായി സീറ്റുകൾ 15 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ അയക്കേണ്ട അവസാന തീയതി മാർച്ച് 15. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഈമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം